
# ഓട്ടിസത്തെക്കുറിച്ച് പതിവായി ചോദിക്കുന്ന ചോദ്യങ്ങൾ

1. ***എന്താണ് ഓട്ടിസം?***

സാധാരണ വളർച്ചയെ ബാധിക്കുന്ന ഒരു അവസ്ഥകളാണ് ഓട്ടിസം. സംസാരിക്കുവാനും സാമൂഹികമായി ഇടപഴകാനും ഉള്ള ബുദ്ധിമുട്ട്, പെരുമാറ്റങ്ങൾ വൈകല്യങ്ങൾ എന്നിവയാണ് ഇവയുടെ ലക്ഷണങ്ങൾ.



2. ***കുട്ടികളിൽ ഏത് പ്രായത്തിൽ ഓട്ടിസം തിരിച്ചറിയാൻ കഴിയും?***

നിർഭാഗ്യവശാൽ ഓട്ടിസം കണ്ടുപിടിക്കാൻ മെഡിക്കൽ പരിശോധനയില്ല. സാമൂഹിക ഇടപെടലിലെ ബുദ്ധിമുട്ടുകൾ, പെരുമാറ്റ വൈകല്യങ്ങൾ, ആശയവിനിമയ കഴിവുകൾ, എന്നിവ അടിസ്ഥാനമാക്കി ഓട്ടിസം ഉണ്ടോ ഇല്ലയോ എന്ന് നിർണ്ണയിക്കുന്നു.18 മാസം പ്രായമാകുമ്പോൾ ഓട്ടിസത്തിന്റെ ലക്ഷണങ്ങൾ കണ്ടു തുടങ്ങും.



### 3. കുട്ടികൾക്കു നൽകുന്ന വാക്സിൻ ഓട്ടിസം ഉണ്ടാകുമോ?

ഓട്ടിസവും മീസിൽസ്-മംപ്സ്-റുബെല്ല (എംഎംആർ) വാക്സിനോ മറ്റേതെങ്കിലും പ്രതിരോധ കുത്തി വയ്പ്പുകളോ തമ്മിൽ യാതൊരു ബന്ധവുമില്ലെന്ന് പഠനങ്ങൾ കാണിക്കുന്നു.

### 4. ഓട്ടിസത്തിന്റെ ലക്ഷണങ്ങൾ എന്തൊക്കെയാണ്?

ഓട്ടിസത്തിന്റെ ലക്ഷണങ്ങൾ 12-18 മാസം പ്രായമുള്ളപ്പോൾ തന്നെ കാണാൻ കഴിയും.ഓരോ കുട്ടികളിലെയും ഓട്ടിസത്തിന്റെ ലക്ഷണങ്ങളും കാഠിന്യവും വ്യത്യസ്തമായിരിക്കും

ലക്ഷണങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

- സാധാരണയായി കുട്ടികൾ 3 മാസം ആവുമ്പോൾ മുഖത്ത് നോക്കി പുഞ്ചിരിച്ചു തുടങ്ങും പക്ഷെ ഓട്ടിസം ഉള്ള കുട്ടികൾ 6 മാസം അയാൾ പോലും ഇത് കണ്ടുവരുന്നില്ല.
- കുട്ടികൾ 12-16 മാസം ആവുമ്പോൾ വാക്കുകൾ പറയാൻ ആരംഭിക്കും,16 മാസം കഴിഞ്ഞിട്ടും കുട്ടി വാക്കുകളൊന്നും പറയാൻ ആരംഭിച്ചില്ലെങ്കിൽ അത് ഓട്ടിസത്തിന്റെ ലക്ഷണം
- ആവാം ഒരു പ്രത്യേക കളിപ്പാട്ടത്തിനോടോ വസ്തുവിനോടോ അസാധാരണമായ അറ്റാച്ചുമെന്റ്(അടുപ്പം).



- ഓട്ടിസം ബാധിച്ച കുട്ടികൾക്ക് ആളുകളുമായി സംസാരിക്കാനും ഇടപഴക്കാനും സമപ്രായക്കാരുമായി സൗഹൃദം സ്ഥാപിക്കാനും ബുദ്ധിമുട്ടായിരിക്കും.
- സംസാരിക്കുമ്പോൾ അവർ നമ്മുടെ മുഖത്തോ കണ്ണിലോനോക്കില്ല
- അവരുടെ വികാരങ്ങൾ പ്രകടിപ്പിക്കുന്നതിലും മറ്റുള്ളവരുടെ വികാരങ്ങൾ മനസ്സിലാക്കുന്നതിലും അവർക്ക് ബുദ്ധിമുട്ടുണ്ടാകാം.



- അവർ എപ്പോഴും ഒറ്റയ്ക്ക് ഇരിക്കാൻ ആഗ്രഹിക്കുന്നവരാണ്, മിക്കപ്പോഴും അവരുടെ സ്വന്തം ലോകത്ത്തന്നെ ആയിരിക്കും
- ഓട്ടിസം ബാധിച്ച കുട്ടികൾ സ്വയം അല്ലെങ്കിൽ മറ്റുള്ളവരെ പരിക്കേൽപ്പിച്ചേക്കാം (ചുമരിൽ തല അടിക്കുന്നത്, മുടി വലിക്കുക, സ്വയം കടിക്കുക).
- ഓട്ടിസമുള്ള മിക്ക കുട്ടികളിലും ഭാഷയും ആശയവിനിമയ പ്രശ്നങ്ങളുമുണ്ട്, എന്നാൽ ഭാഷ എത്രത്തോളം ബാധിക്കപ്പെടും എന്നത് ഓരോ കുട്ടിയെയും ആശ്രയിച്ചിരിക്കുന്നു

### *5. ആർക്കൊക്കെ ഓട്ടിസം വരും?*

ഓട്ടിസം ഈ കാലത് സാധാരണമാണ്.ഇത് എല്ലാ സംസ്കാരത്തിലും വംശീയരിലും എല്ലാ സാമൂഹിക സാമ്പത്തിക ഗ്രൂപ്പുകളിലും കാണാവുന്നതാണ്. പെൺകുട്ടികളേക്കാൾ ആൺകുട്ടികളെയാണ് ഇത്കൂടുതൽ ബാധിക്കുന്നത്.

### *6. ഓട്ടിസത്തിന്റെ കാരണങ്ങൾ എന്തൊക്കെയാണ്?*

- ഓട്ടിസം ഉണ്ടാകുന്ന കാരണം കൃത്യമായി മനസ്സിലായിട്ടില്ല. ജനിതകമോ പാരിസ്ഥിതികമോ അജ്ഞാതമോ ആയ കാരണങ്ങളാകം.

### *7. ഓട്ടിസം ഉള്ള കുട്ടിയെ എങ്ങനെ ചികിൽസിക്കാം?*

ഓട്ടിസത്തിനു പ്രത്യേക മരുന്നുചികിത്സ ലഭ്യമല്ല. വിവിധരംഗങ്ങളിലെ വിദഗ്ധരുടെ ഒന്നിച്ചുള്ള പ്രവർത്തനം ആണ് ചികിത്സയിൽ ആവശ്യം.

**സ്പീച്ച് ലാംഗ്വേജ് പതോളജിസ്റ്റ്:** സംസാര വൈകല്യം പരിഹരിച്ച് ഭാഷാരീതി മെച്ചപ്പെടുത്താൻ ശ്രമിക്കുന്നു.



**സൈക്കോളജിസ്റ്റ്:** സാമൂഹികമായി ഇടപഴകുന്നതിനു ട്രെയിനിങ്

കൊടുക്കുന്നു അത് പോലെ പെരുമാറ്റ വൈകല്യങ്ങൾ മാറ്റുന്നതിനും സഹായിക്കുന്നു

**ഒക്കുപ്പേഷനൽ തെറപ്പിസ്റ്റ്:** നിത്യേന ചെയ്യേണ്ട കാര്യങ്ങൾ പഠിപ്പിക്കുന്നു.




**സ്പെഷൽ എജ്യൂക്കേറ്റർ**: പഠിത്തത്തിൽ പിന്തുണ ലഭിക്കാൻ

ചികിത്സ എത്രയും നേരത്തേ ആരംഭിക്കുന്നുവോ അത്രയും ഫലപ്രാപ്തി ലഭിക്കുന്നു. ഓട്ടിസം ബാധിച്ച ഓരോ വ്യക്തിയും വ്യത്യസ്തമാണ്, അതിനാൽ ചികിത്സാ പദ്ധതികൾ ഓരോ കുട്ടിക്കും അവരുടെ ആവശ്യത്തെ അടിസ്ഥാനമാക്കി തയാറാക്കണം.

8. ***കുട്ടിക്ക് ഓട്ടിസം ഉണ്ടെന്ന്കരുതുന്നുവെങ്കിൽ മാതാപിതാക്കൾ എന്തുചെയ്യണം?***

   മാതാപിതാക്കൾക്ക് അവരുടെ കുട്ടിക്ക് ഓട്ടിസം ഉണ്ടെന്ന് ആശങ്കയുണ്ടെങ്കിൽ, രോഗ നിർണയം നടത്താൻ അവർ ഉടൻ തന്നെ ശിശു രോഗവിദഗ്ദ്ധൻ, സ്പീച് ലാംഗ്വേജ് പാത്തോളജിസ്റ് അല്ലെങ്കിൽ സൈക്കോളജിസ്റ്റ് എന്നിവരുമായി ബന്ധപ്പെടണം. ഓട്ടിസം എന്നത് ഒരു വയ്ക്തിയെ ബാധിക്കുന്ന ആജീവനാന്ത അവസ്ഥയാണ്. ശരിയായ രോഗനിർണയവും ചികിത്സയും ലഭിക്കുന്നത് കാര്യങ്ങൾ വേഗത്തിൽ പഠിക്കാനും, സമൂഹത്തിൽ ഇടപെഴകാനും കുട്ടിയെ സഹായിക്കും.

9. ***ഓട്ടിസം ഉള്ള കുട്ടികൾക്ക് സാധാരണ ജീവിതം നയിക്കാൻ കഴിയുമോ? അവർക്ക് സ്കൂളിൽ പോകാൻ കഴിയുമോ?***

   ഓട്ടിസം ഫലപ്രദമായി കൈകാര്യം ചെയ്യാൻ കഴിയും. ഓട്ടിസം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിൽ നേരത്തെ തിരിച്ച അറിയുന്നതും ശരിയായ ചികിത്സ ലഭിക്കുന്നതും ആണ് പ്രധാനം.

മൾട്ടി ഡിസിപ്ലിനറി ചികിത്സ അവരുടെ പെരുമാറ്റ ലക്ഷണങ്ങൾ, സെൻസറി പ്രശ്നങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിനും ആശയവിനിമയ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും സഹായിക്കും. ഓട്ടിസം ബാധിച്ച കുട്ടികൾക്ക് ശരിയായ ചികിത്സയിലൂടെയും അധ്യാപകരുടെയും മാതാപിതാക്കളുടെയും പിന്തുണയോടെ സാധാരണ സ്കൂളിൽ ചേരാൻ സാധ്യക്കും.



***കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക:***


പ്രിവൻഷൻ ഓഫ് കമ്മ്യൂണിക്കേഷൻ ഡിസോർഡേഴ്സ് (പി.ഓ.സി.ഡി)
ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച് ആൻഡ് ഹിയറിങ്
മനസഗംഗോത്രി, മൈസൂര് - 570006
ഫോൺ നമ്പർ: 0821-2502575/2502703/2502000
ഇ-മെയിൽ: director@aiishmysore.in, pocdpocd1@gmail.com
വെബ്സൈറ്റ്: www.aiishmysore.in
പ്രവർത്തി ദിവസങ്ങൾ: തിങ്കൾ മുതൽ വെള്ളി വരെ (9 AM-5.30 PM)
കേന്ദ്രസർക്കാർ അവധി ദിവസങ്ങൾ ഒഴികെ